**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1221** **10-10-2024 - ൽ മറുപടിയ്ക്ക്**

**പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്റ്റ്സ് (ഒ.പി.ബി.ആർ.സി) സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.റ്റിപി റോഡ് ഔട്ട്പുട്ട് ആന്റ് പെർഫോമൻസ് ബെയ്സ്ഡ് റോഡ് കോൺട്രാക്റ്റ്സ് (OPBRC) package V -ൽ ഉൾപ്പെട്ടതാണ്. OPBRC package IV,V എന്നീ പദ്ധതികൾക്ക് 17.09.2022-ലെ GO (Rt)No.938/2022/PWD പ്രകാരം യഥാക്രമം 96.15 കോടി 52.29 കോടി എന്നിങ്ങനെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.<br><br>പ്രസ്തുത ഭരണാനുമതി ഉത്തരവിൽ പദ്ധതി റോഡുകളിൽ ഡ്യൂപ്ളിക്കേഷനില്ലെന്നും, മെയിന്റനൻസ് പ്രൊവിഷൻസ് ഒപ്റ്റിമൈസ് ചെയ്തിട്ടുണ്ടെന്നും ഉറപ്പാക്കുവാൻ നിർദ്ദേശിച്ചു. അതിൻ പ്രകാരം മോഡിഫൈ ചെയ്ത OPBRC പാക്കേജ് -5 ൽ ഉൾപ്പെടുന്ന പിലാത്തറ- പാപ്പിനിശ്ശേരി, കളറോഡ്-വളവുപാറ, കാസറഗോഡ്-. കാഞ്ഞങ്ങാട് എന്നീ റോഡുകൾ ഉൾപ്പെടുന്ന പുതുക്കിയ ഡിപിആർ അനുസരിച്ചുള്ള എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയേക്കാൾ അധികരിച്ചു. പുതുക്കിയ ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ച് വരുന്നു. നിലവിൽ OPBRC പാക്കേജ് 5-ലെ പുതുക്കിയ ഡിപിആർ അനുസരിച്ച് കാസർകോഡ്, കണ്ണൂർ ജില്ലകളിലായി 72.75 കി.മീ റോഡാണ് ഉൾപ്പെട്ടിട്ടുള്ളത്.<br><br>സമാനമായി OPBRC - പാക്കേജ് 4 ലെ DPR ഉം പുതുക്കി സമർപ്പിച്ചു. ഇത് അനുസരിച്ച് കാസർകോഡ്, കോഴിക്കോട് ജില്ലകളിലായി 28.38 കി.മീ റോഡ് മാത്രം ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് OPBRC പാക്കേജ്-4 ഉം പാക്കേജ്-5 ഉം ഒരുമിച്ച് ഒറ്റ പാക്കേജായി ടെണ്ടർ ചെയ്യുന്നതും പുതുക്കിയ ഭരണാനുമതി നൽകുന്നതും പരിശോധനയിലാണ്.. |

| | | | |
|---|---|---|---|
| | | | എന്നാൽ നിലവിലെ റോഡിന്റെ അവസ്ഥ കണക്കിലെടുത്ത് വേൾഡ് ബാങ്ക് PFR ലോൺ - RKI കരാർ പ്രകാരം OPBRC പ്രവർത്തികൾക്ക് അനുവദിച്ചിരിക്കുന്ന ഈ തുക BC Overlay പ്രവൃത്തിയായി നടത്തുന്നതിനുള്ള ഭരണാനുമതി സംബന്ധിച്ച് പരിശോധിച്ച് വരുന്നു. നിലവിൽ ഇത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ